# സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കരമന

കിള്ളിപ്പാലം ,തിരുവനന്തപുരം

തീയതി :05/05/2020

## പത്രക്കുറിപ്പ്

## ചരക്കുസേവന നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി:

## ഓപ്ഷൻ മെയ് 15 മുതൽ

തിരുവനന്തപുരം: ചരക്കുസേവന നികുതി നിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി പ്രഖ്യാപിച്ച ആംനസ്റ്റി സ്വികരിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ 2020 മെയ് 15ാം തീയതി മുതൽ വ്യാപാരികൾക്ക് സമർപ്പിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപന നികുതി, കാർഷികാദായ നികുതി, പൊതു വിൽപന നികുതി, സർചാർജ്, എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ്. ഈ പദ്ധതി സ്വീകരിക്കുന്നതിലേയ്ക്കായി നികുതി കുടിശ്ശികയുള്ള വ്യാപാരികൾ നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralataxes.gov.in സന്ദർശിച്ച് ഒറ്റത്തവണ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. അതിന് ശേഷം നികുതി കുടിശ്ശികയുള്ള വ്യാപാരികൾക്ക് പ്രസ്തുത വെബ് സൈറ്റ് ലോഗിൻ ചെയ്താൽ അവരുടെ താല്ക്കാലികമായി തിട്ടപ്പെടുത്തിയ കുടിശ്ശികവിവരങ്ങൾ കാണാവുന്നതാണ്. കുടിശ്ശിക വിവരങ്ങൾ ശരിയാണെങ്കിൽ ഓപ്ഷൻ

സമർപ്പിക്കാവുന്നതാണ്. പ്രസ്തുത കുടിശ്ശികയെക്കാൾ കൂടുതൽ കുടിശ്ശിക നിലവിലുണ്ടെങ്കിലോ , കാണിച്ചിരിക്കുന്നതിനേക്കാൾ കുറവുണ്ടെങ്കിലോ , കുടിശ്ശിക വിവരങ്ങൾ സ്വയം തിട്ടപ്പെടുത്തി എഡിറ്റ് ചെയ്തു അപേക്ഷ സമർപ്പിക്കേണ്ടതാണ് . പ്രസ്തുത ഓപ്ഷൻ നികുതിനിർണ്ണയ അധികാരി പരിശോധിച്ച് അംഗീകരിച്ച ശേഷം ഓൺലൈനായി കുടിശ്ശിക ഒടുക്കാവുന്നതാണ്.

<u>ആംനസ്റ്റി പദ്ധതി പ്രധാന ആകർഷണങ്ങൾ</u>

1. പിഴയിലും പലിശയിലും 100% ഇളവ്.*

2. കുടിശ്ശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക് നികുതി കുടിശ്ശികയുടെ 60% ഇളവ്.

3. കുടിശ്ശിക തവണകളായി അടയ്ക്കുന്നവർക്ക് 50% ഇളവ്.

4. വകുപ്പുതല അപ്പീൽ ഉൾപ്പെടെയുള്ള കേസുകൾക്ക് ആംനസ്റ്റി ബാധകം

5. ഡിമാൻഡ് നോട്ടീസിന് ശേഷം അടച്ചിട്ടുള്ള തുകയ്ക്ക് നികുതിയിൻമേൽ ക്രഡിറ്റ് കൊടുക്കുന്നതാണ്.

6. മുൻപ് പ്രഖ്യാപിച്ച ആംനസ്റ്റിയിൽ കുടിശ്ശിക അടയ്ക്കാൻ കഴിയാത്തവർക്കും ഈ സ്കീം തിരഞ്ഞെടുക്കാവുന്നതാണ്.

7. മുൻപ് പ്രഖ്യാപിച്ച ആംനസ്റ്റി സ്കീം പ്രകാരം എതെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ ഈ സ്കീമിൽ വക കൊള്ളിക്കും

8. ഈ പദ്ധതി പ്രകാരം തീർപ്പായ കേസുകളിൽ റീഫണ്ട് അനുവദിക്കുന്നതല്ല.

9.റവന്യൂ റിക്കവറി നടപടികൾ തുടരുന്ന കേസുകളിൽ ആംനസ്റ്റി പദ്ധതി സ്വീകരിച്ചാൽ കളക്ഷൻ ഫീസ് ഈടാക്കുന്നതല്ല.

10. ആംനസ്റ്റി പദ്ധതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2020 ജൂലൈ 31 വരെയാണ്.

*2005 നു ശേഷമുള്ള കേരള പൊതു വിൽപന നികുതി കുടിശ്ശികയ്ക്ക പിഴ മാത്രമേ ഒഴിവാക്കിയിട്ടുള്ളു.

SD/-

COMMISSIONER

**സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്**